## പതിമൂന്നാം കേരള നിയമസഭ

### ഒമ്പതാം സമ്മേളനം

### നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.*602      9.7.2013 ൽ മറുപടിക്ക്

**കേസന്വേഷണങ്ങളുടെ ഗുണനിലവാരവും സത്യസന്ധതയും ഉയർത്താൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.കെ. സദാശിവൻ<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. സാജുപോൾ<br>ശ്രീ. പുരുഷൻ കടലുണ്ടി | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |

| | |
|---|---|
| (എ) കേസന്വേഷണങ്ങളുടെ ഗുണനിലവാരവും സത്യസന്ധതയും ഉയർത്താൻ പോലീസിൽ സ്പെഷ്യലൈസേഷൻ നടപ്പാക്കണമെന്ന നിർദ്ദേശം പരിഗണിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) കേരള പോലീസ് ആക്ട് ഭേദഗതി ചെയ്തുകൊണ്ട് മുൻ സർക്കാർ കൊണ്ടുവന്ന പുതിയ വ്യവസ്ഥകൾക്കനുസൃതമായി ചട്ടങ്ങൾക്ക് രൂപം നൽകിയിട്ടുണ്ടോ; ഇതിനായി നിയോഗിക്കപ്പെട്ടിരുന്ന വിദഗ്ദ്ധ സമിതി റിപ്പോർട്ടിന്റെ ശുപാർശകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; | (ബി) (i) കേരള പോലീസ് ആക്റ്റ് 20-ാം വകുപ്പിനനുസൃതമായി കേരളാ പോലീസ് മാന്വൽ പരിഷ്കരിക്കുന്നതിന് ജയിൽ ഡി.ജി.പി ഡോ. അലക്സാണ്ടർ ജേക്കബ് ചെയർമാനായി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.<br>(ii) കേരളാ പോലീസ് ആക്റ്റ് 101, 102, 103 വകുപ്പുകൾ പ്രകാരം കെ.പി.ഡി.ഐ.പി റൂൾസിൽ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>(iii) കേരള പോലീസ് ആക്റ്റ് 88(2)-ാം വകുപ്പുപ്രകാരം പോലീസ് ഉദ്യോഗസ്ഥരുടെ പരിശീലനകാലം ഡ്യൂട്ടിയായി പരിഗണിക്കുന്നതിനനുസരിച്ച് ചട്ടങ്ങളിൽ ഭേദഗതി ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>(iv) കേരളാ പോലീസ് ആക്റ്റ് 72, 127 വകുപ്പുകൾ പ്രകാരം യഥാക്രമം ട്രാഫിക് ക്രമീകരണ സമിതിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ചും ക്രിമിനൽ ജസ്റ്റിസ് മിസ്‌ലേനിയസ്ഫണ്ടുമായി ബന്ധപ്പെട്ടും ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| (സി) പോലീസ് അന്വേഷണങ്ങളിൽ ഇപ്പോൾ നടന്നുവരുന്നതായി ആക്ഷേപിക്കപ്പെടുന്ന ബാഹ്യശക്തികളുടെ ഇടപെടൽ അവസാനിപ്പിക്കാമോ? | (സി) കേസ് അന്വേഷണങ്ങളിൽ ബാഹ്യ ശക്തികളുടെ ഇടപെടൽ നടക്കുന്നില്ല. നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ ശാസ്ത്രീയമായ അന്വേഷണമാണ് പോലീസ് നടത്തിവരുന്നത്. |

സെക്ഷൻ ഓഫീസർ